# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1733 — 22.03.2012-ൽ മറുപടിയ്ക്ക്

**സമരങ്ങളുടേയും ഹർത്താലിന്റേയും പേരിൽ പൊതുമുതൽ നശീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | വിദ്യാർത്ഥിസമരങ്ങളുടെയും മറ്റു രാഷ്ട്രീയ സമരങ്ങളുടെയും ഹർത്താലിന്റേയും പേരിൽ പൊതുമുതൽ നശിപ്പിക്കപ്പെടുന്നതു സംബന്ധിച്ച ഹൈക്കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വിധിയുടെ അടിസ്ഥാനത്തിൽ പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ; വിശദാംശം നൽകുമോ; | (ബി) & (സി) | PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും തുടർനടപടികൾ സ്വീകരിച്ച് ബഹുമാനപ്പെട്ട കോടതിവിധിയുടെ അടിസ്ഥാനത്തിൽ പൊതുമുതൽ നഷ്ടത്തിന് തുല്യമായ തുക പ്രതികളിൽനിന്ന് ഈടാക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | പൊതുമുതലിനുണ്ടാകുന്ന നഷ്ടത്തിനു തുല്യമായ തുക പ്രതികളിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുണ്ടായ സമരങ്ങളിൽ പൊതുമുതൽ നശിപ്പിക്കപ്പെടുകയും, അവർക്കെതിരെ കേസെടുത്ത് നഷ്ടപരിഹാരം ഈടാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) (ഇ) & (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമരങ്ങളിൽ പൊതുമുതൽ നശിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് 395 കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കോടതിവിധിയുടെ അടിസ്ഥാനത്തിൽ പൊതുമുതൽ നഷ്ടത്തിനു തുല്യമായ തുക പ്രതികളിൽനിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലെ നിയമപ്രകാരം പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) | ഏതെല്ലാം കേസ്സുകളിൽ എന്തു തുക നഷ്ടപരിഹാരമായി ഈടാക്കിയെന്നു വെളിപ്പെടുത്തുമോ; | | |
| (എഫ്) | പൊതുമുതൽ നശിപ്പിക്കുന്ന സമരക്കാരെ നേരിടാനും നഷ്ടപരിഹാരം ഈടാക്കാനും കർശനനടപടികൾ സ്വീകരിക്കുമോ? | | |

17/3/12

സെക്ഷൻ ഓഫീസർ.